# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1815 | 14/08/2017 ൽ മറുപടിക്ക് |
|---|---|

## 2011-2016 കാലയളവിലെ മന്ത്രിമാർക്കെതിരെയുള്ള അഴിമതി കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 2011-2016 കാലയളവിലെ സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതി കേസുകളുണ്ടായിരുന്നു; എത്ര കേസുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ? | 2011-2016 കാലയളവിലെ സർക്കാരിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ രണ്ടെണ്ണം അന്വേഷണം പൂർത്തിയായി.വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | കേസ് | എതിർ കക്ഷി | കുറ്റച്ചുരുക്കം | തൽസ്ഥിതി |
|---|---|---|---|---|
| 1 | വി.സി. 03/2017/എസ്. ഐ.യു.-I | ശ്രീ. ഉമ്മൻ ചാണ്ടി. മുൻ കേരള മുഖ്യ മന്ത്രി. | ശ്രീ. സോമശേഖരൻ നായർ. മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ. ജല അതോറിറ്റി, പാറ്റൂർ, തിരുവനന്തപുരം ടിയാന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി 7/8/08 തിയതിയിൽ ശ്രീ. റ്റി.എസ്. അശോക്, എം.ഡി., ആർടെക് റിയൽടേഴ്സ്, തിരുവനന്തപുരം എന്നയാളോട് വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 1834/3-ൽപ്പെട്ട പൈപ്പ് ലൈൻ മാറ്റിയിടുന്നതിന് 14,80,000/- രൂപ അടയ്ക്കാൻ നിർദ്ദേശിച്ചും ശ്രീ. മധു, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജല അതോറിറ്റി, പാറ്റൂർ, തിരുവനന്തപുരം എന്നയാൾ ടിയാന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി, 54 മീറ്റർ നീളം വരുന്ന പൈപ്പ് ലൈൻ കടന്നുപോകുന്ന 1805 ബി, 1800 ബി, 1800 സി. സർവ്വേ നമ്പരുകളിൽ പെട്ട വസ്തു ആർടെക് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് കാണിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് കത്തു നൽകുകയും ശ്രീ. ഭരത് ഭൂഷൺ. ഐ.എ.എസ്., മുൻ കേരള ചീഫ് സെക്രട്ടറി ശ്രീ. റ്റി.എസ്. അശോകിന് നേട്ടം ഉണ്ടാക്കുന്നതിനുവേണ്ടി പൈപ്പ് ലൈൻ മാറ്റാമെന്ന് നിർദ്ദേശിച്ചും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അത് അംഗീകരിച്ചു ഒപ്പിട്ടും ആയത് വഴി പൈപ്പ് ലൈൻ പൂർണ്ണമായും മാറ്റിയിടാനിടയായി. 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവറേജ് നിയമത്തിലെ 16-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചും ശ്രീ. അശോകിന് പൈപ്പ് ലൈൻ മുൻപ് പോയിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കി ഇടങ്ങിയ ആരോപണങ്ങൾ. | അന്വേഷണം നടന്നുവരു... |
| 2 | വി.സി. 04/16/കെ.റ്റി.എം. | മുൻ ധനകാര്യ മന്ത്രി ശ്രീ. കെ.എം. മാണി. | ശ്രീ. ബെന്നി എബ്രഹാമിന്റെ ഉടമസ്ഥതയിലുള്ളതും കോട്ടയം കറിച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ സൂപ്പർ പിഗ്മെന്റ്സ് എന്ന ലെഡ്ഓക്സൈഡ് നിർമ്മാണ ശാലയ്ക്ക് ശ്രീ. കെ.എം. മാണി 2015-16 ബജറ്റ് അവതരണ കാലത്ത് മുൻകാല പ്രാബല്യത്തോടെ നികുതി ഇളവ് നൽകുക വഴി സർക്കാരിന് അന്യായ നഷ്ടം ഉണ്ടാക്കി | അന്വേഷണം പൂർത്തിയായി |

| | | | | |
|---|---|---|---|---|
| | | | എന്ന ആരോപണം. | |
| 3 | വി.സി. 6/2014/എസ്.ഐ.യു. I | ,, | നിയമ – ധനകാര്യ മന്ത്രിയായിരുന്ന പ്രതി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ബാർ ലൈസൻസ് പുതുക്കി നൽകുന്നതിനായ് 5 കോടി രൂപ ആവശ്യപ്പെടുകയും അതിൻ പ്രകാരം 1 കോടി രൂപ കേരള ബാർ ഹോട്ടൽ അസോസിയേഷൻ ഭാരവാഹികളിൽ നിന്നും കൈപ്പറ്റി എന്ന ആരോപണം. | അന്വേ[illegible] നടന്നു [illegible] |
| 4 | വി.സി. 7/16/എസ്.ഐ.യു. II | ,, | ശ്രീ. കെ.എം. മാണി ധനകാര്യ മന്ത്രിയായിരുന്ന കാലത്ത് 65 കോടി രൂപയുടെ നികുതി റിക്കവറി ഉത്തരവ് സ്റ്റേ ചെയ്ത് ഖജനാവിന് നഷ്ടം വരുത്തിയെന്നുള്ളത്. | ,, |
| 5 | വി.സി. 5/2016/സി.ആർ.ഇ. | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | കേരള ബാർ ഹോട്ടൽ അസ്സോസ്സിയേഷൻ ഭാരവാഹികൾക്കും മുൻ സംസ്ഥാന എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിന്റെ സുഹൃത്തുക്കൾക്കും ബിനാമികൾക്കും 2011-16 കാലഘട്ടത്തിൽ അന്യായമായി FL-3, FL-11 ലൈസൻസുകൾ അനുവദിച്ചും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ അടച്ചുകൊണ്ട് മന്ത്രിയുടെ സുഹൃത്തുക്കൾക്കും തൽപരകക്ഷികൾക്കും ഗുണകരമായി പ്രവർത്തിച്ചു എന്നും മറ്റുമുള്ള ആരോപണം. | അന്വേഷണം തുടർന്നു കൊണ്ടിരിക്കുന്നു. |
| 6 | വി.സി. 17/2016/എസ്.സി.ഇ. | ,, | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് | അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു. |
| 7 | വി.സി. 5/16/ എസ്.ഐ.യു. II | 1) ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യു വകുപ്പ് മന്ത്രി<br>2) ശ്രീ. കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ വകുപ്പ് മന്ത്രി | ശ്രീ. അടൂർ പ്രകാശും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും എറണാകുളത്തെ പുത്തൻവേലിക്കര, തൃശ്ശൂരിലെ മടത്തുംപടി എന്നീ വില്ലേജുകളിൽ പെട്ട 127 ഏക്കറോളം നെൽ വയലുകൾ മിച്ചഭൂമിയിൽ ഇളവ് അനുവദിക്കുവാനുള്ള ഉദ്യമം വഴി ചിലർക്ക് അന്യായ നേട്ടം ഉണ്ടാക്കുവാൻ ഇടയാക്കി എന്നുള്ളത്. | ,, |
| 8 | വി.സി. 07/13/ടി.എസ്.ആർ. | ശ്രീ. പി.ജെ. ജോസഫ് മുൻ ജലസേചന വകുപ്പ് മന്ത്രി. | അനധികൃത വാട്ടർ കണക്ഷൻ നൽകിയതു സംബന്ധിച്ച് | 31/12/13-ൽ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചു |

| | | | | |
|---|---|---|---|---|
| | | | | അന്വേ: റിപ്പോർട്ട് 30/12/16-ൽ കോടതി അംഗീകരിച്ച് തുടർ നടപ... അവസാനിപ്പിച്ചു. |
| 9 | വി.സി. 19/2016/എസ്.സി.ഇ. | മുൻ സഹകരണ വകുപ്പ മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണൻ. | കൺസ്യൂമർ ഫെഡിലെ ഫണ്ട് ദുരുപയോഗം സംബന്ധിച്ച് | അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു |
| 10 | വി.സി. 06/2017/റ്റി.എസ്.ആർ | മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ കെ.പി മോഹനൻ | Compulsory Notification of Vacancies Act ഉം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂളിന്റെ 9(എ)(1) വകുപ്പും ലംഘിച്ച് കേരളാ ഫീഡ്സ് ലിമിറ്റഡ്, ഇരിങ്ങാലക്കുടയിൽ 12 ഫീൽഡ് അസിസ്റ്റന്റ് മാരെ നിയമിച്ചു | അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു |
| 11 | വി.സി. 03/2017/ഐ.ഡി.കെ | മുൻ ഭക്ഷ്യ/സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ അനൂപ് ജേക്കബ് | റേഷൻ സാധനങ്ങൾ അനധികൃതമായി മറിച്ചുവിറ്റ മൂന്നാം കുറ്റാരോപിതനായ ഇടുക്കി പെരിങ്ങാശ്ശേരി എ.ആർ.ഡി 100 നമ്പർ ലൈസൻസി റേഷൻ വ്യാപാരി ശ്രീ.സയ്യിദ് മുഹമ്മദിനെ സംരക്ഷിച്ചുകൊണ്ട് ഒന്നാം കുറ്റാരോപിതൻ തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർ ശ്രീ റ്റി.എസ് സുരേന്ദ്രബാബു,രണ്ടാം കുറ്റാരോപിതൻ ശ്രീ.അനൂപ് ജേക്കബ് എന്നിവർ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു. | അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു |

**സെക്ഷൻ ഓഫീസർ**